## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1873** | **09-12-2022 - ൽ മറുപടിയ്ക്ക്**

## നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ സ്റ്റാഫ് സ്ട്രെങ്ങ്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇരുന്നൂറ് ഏക്കറിലധികം സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിൽ സ്റ്റാഫ് സ്ട്രെങ്ങ്ത് ഇപ്പോഴും നൂറ്റിപതിനൊന്ന് ആണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്ഥിരം തൊഴിലാളികൾക്ക് പുറമേ നൂറ്റിഅറുപത്തഞ്ചോളം ക്യാഷ്വൽ തൊഴിലാളികൾ പണിയെടുക്കുന്നതിൽ ഭൂരിഭാഗം പേരും പത്ത് വർഷത്തിൽ കൂടുതലായി പണിയെടുക്കുന്ന തൊഴിലാളികളാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നിലവിൽ 165 കാഷ്വൽ തൊഴിലാളികളാണ് ജോലി ചെയ്ത് വരുന്നത്. ഇവർ 2009 മുതൽ ഫാമിൽ ജോലി ചെയ്തു വരുന്നു. |
| (സി) | തൊഴിൽപരമായി സ്ഥിരത ഇല്ലാത്ത ആശങ്കയിലുള്ള നൂറ്റിഅറുപത്തഞ്ചോളം വരുന്ന ക്യാഷ്വൽ തൊഴിലാളികൾക്ക് കൂടി ഉപകാരപ്രദമാകുംവിധം നിലവിലെ സ്റ്റാഫ് സ്ട്രെങ്ങ്ത് നൂറ്റിപതിനൊന്നിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ; | (സി) | കൃഷി വകുപ്പിന് കീഴിൽ സ്ഥിരം ഫാം തൊഴിലാളികളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് ഒരു ഫോർമുല നിലവിലുണ്ട്. പ്രസ്തുത ഫോർമുല അടിസ്ഥാനപ്പെടുത്തിയാണ് എല്ലാ ഫാമുകളിലെയും സ്ഥിരം തൊഴിലാളികളുടെ അംഗസംഖ്യ പുനർ നിർണ്ണയിക്കുന്നത്. ആയതുമായി ബന്ധപ്പെട്ട് യൂണിയൻ ഭാരവാഹികളുമായി യോഗം കൂടുകയും കോവിഡ് കാലമായ 2020 വർഷം ഒഴിവാക്കിക്കൊണ്ട് 2018, 2019, 2021 വർഷങ്ങളിലെ തൊഴിൽ ദിനങ്ങളുടെ ശരാശരി കണക്കാക്കിക്കൊണ്ട് സ്ഥിരം തൊഴിലാളികളുടെ അംഗസംഖ്യ പുനർ നിർണ്ണയിക്കാവുന്നതാണെന്ന് തീരുമാനം എടുത്തിട്ടുണ്ട്. അപ്രകാരം എല്ലാ ഫാമുകളിൽ നിന്നും നിലവിലെ ഫോർമുല പ്രകാരം ഹാർവെസ്റ്റ് പിരീഡ് ഉൾപ്പെടുത്തിക്കൊണ്ടും അല്ലാതെയും പുനർ നിർണ്ണയിക്കപ്പെടേണ്ട അംഗസംഖ്യ കണക്കാക്കി സ്റ്റാഫ് സ്ട്രെങ്ങ്ത് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |
| (ഡി) | നേര്യമംഗലം കൃഷി ഫാമിൽ പരിചയ സമ്പന്നരായ കൃഷിക്കാരെയും കാർഷിക വിദഗ്ദ്ധരേയും തൊഴിലാളി പ്രതിനിധികളേയും ഉൾപ്പെടുത്തി ഫാം | (ഡി) | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രധാന പ്രവർത്തികൾക്കായി |

| | | | |
|---|---|---|---|
| | വികസനത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | | ആർ.കെ.ഐ.-ൽ 10 കോടി രൂപയും ആർ.കെ.വി.വൈ-ൽ 3.75 കോടി രൂപയും അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. സ.ഉ(സാധാ)നം.55/2022/ കൃഷി, തീയതി 21/01/2022 പ്രകാരം നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXVII ഫണ്ടിൽ നിന്നും ഫാമിന്റെ അടിസ്ഥാന വികസനത്തിനായി 13.55 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ